പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം746 03.12.2014-ൽ മറുപടിക്ക്

## എറണാകുളം ജില്ലയിലെ ഡിഫിക്കൽറ്റ് റൂറൽ/ട്രൈബൽ ഏരിയകളിൽപ്പെട്ട പ്രൈമറി ഹെൽത്ത് സെന്ററുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ.എം.ആരിഫ് | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) എറണാകുളം ജില്ലയിൽ ഡിഫിക്കൽറ്റ് റൂറൽ / ട്രൈബൽ ഏരിയകളിൽപ്പെട്ട എത്ര പ്രൈമറി ഹെൽത്ത് സെന്ററുകളുണ്ട്; ഏതൊക്കെയാണ്; | (എ) എറണാകുളം ജില്ലയിൽ ഡിഫിക്കൽറ്റ് റൂറൽ ഏരിയയിൽപ്പെട്ട മൂന്ന് പ്രൈമറി ഹെൽത്ത് സെന്ററുകളുണ്ട്. അവ താഴെ പറയുന്നവയാണ്.<br>(1) പി.എച്ച്.സി, വളന്തക്കാട്<br>(2) പി.എച്ച്.സി, കുട്ടമ്പുഴ<br>(3) പി.എച്ച്.സി, അയ്യംപുഴ |
| (ബി) വളന്തക്കാട് പി.എച്ച്.സി, ഡിഫിക്കൽറ്റ് റൂറൽ ഏരിയയിൽ ഉൾപ്പെട്ട പി.എച്ച്.സി ആണോ എന്ന് വ്യക്തമാക്കുമോ; | (ബി) ആണ്. |
| (സി) പ്രസ്തുത പി.എച്ച്.സി-യിൽ ജോലി ചെയ്യുന്ന മെഡിക്കൽ ഓഫീസർ, പാരാ-മെഡിക്കൽ സ്റ്റാഫ്, ഫീൽഡ് വിഭാഗം ജീവനക്കാർ എന്നിവർക്ക് സ്ഥലം മാറ്റത്തിനോ, ഒരു ഓഫീസിൽ തന്നെ ദീർഘകാലം ജോലി ചെയ്യുന്നതിനോ പ്രത്യേക പരിഗണനയുണ്ടോ; | (സി) വളന്തക്കാട് പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ജോലി ചെയ്യുന്നവർക്ക് സ്ഥലംമാറ്റത്തിന് പ്രത്യേക പരിഗണന അനുവദനീയമാണ്. |
| (ഡി) ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ഗവൺമെന്റ് ഉത്തരവ് ഉൾപ്പെടെ വിശദമാക്കാമോ; | (ഡി) സംസ്ഥാന സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റ മാനദണ്ഡങ്ങൾ പുതുക്കി നിശ്ചയിച്ചുകൊണ്ടുള്ള 27.04.2000-ലെ സർക്കാർ |

ഉത്തരവ് നം.(പി)13/2000/ഉ.ഭ.വ.വ-ന്റെ 17(ബി) പ്രകാരം മലയോര റിമോട്ട് പ്രദേശങ്ങളിൽ ജോലി നോക്കിയിട്ടുള്ളവർക്ക് സ്ഥലംമാറ്റത്തി നായുള്ള സീനിയോറിറ്റി കാലാവധി നിർണ്ണയിക്കുമ്പോൾ അവരുടെ രണ്ടു വർഷ സേവനം മൂന്ന് വർഷമായി പരിഗണിക്കാ വുന്നതാണ്. കൂടാതെ 21.02.2005-ലെ സർക്കാർ ഉത്തരവ് നം.(ആർ.റ്റി)504/2005/ ആകുവ ഖണ്ഡിക 32 പ്രകാരം മലയോര മേഖലകളിലും, ദുർഘടസ്ഥലങ്ങളിലും ഗ്രാമീണ മേഖലകളിലും കുറഞ്ഞത് മൂന്ന് വർഷമെങ്കിലും ജോലി ചെയ്ത ജീവനക്കാർക്ക് അവർ ആവശ്യപ്പെടുന്ന സ്ഥലങ്ങളിലേക്ക് സ്ഥലംമാറ്റം നൽകുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. വളന്തക്കാട് പി.എച്ച്.സി-യെ ദുർഘട ഗ്രാമീണ പ്രദേശങ്ങളിൽ ഉൾപ്പെട്ടതായി പ്രഖ്യാപിച്ചിട്ടുള്ളതിനാൽ മേൽ വിവരിച്ച ആനുകൂല്യങ്ങൾ വളന്തക്കാട് പി.എച്ച്.സി-യിലെ ജീവനക്കാർക്കും അനുവദനീയമാണ്.

(ഇ) പ്രസ്തുത സ്ഥാപനത്തിൽ ജോലി ചെയ്യുന്ന ഡോക്ടർമാർക്ക് പി.ജി പ്രവേശനത്തിന് പ്രത്യേക പരിഗണനയുണ്ടോ?

(ഇ) ഉണ്ട്.

സെക്ഷൻ ഓഫീസർ